# ഇടവക ചരിത്രം

ഭാരതത്തിന്റെ തലസ്ഥാനമായ ഡൽഹിയിലേക്ക് ജോലിക്കും പഠനത്തിനും മറ്റാവശ്യ ങ്ങൾക്കുമായി കുടിയേറി പാർത്ത ആയിരക്കണക്കിനു വരുന്ന സീറോ മലബാർ കത്തോലി ക്കരുടെ കൂട്ടായ്മയാണ് ഡൽഹി മിഷൻ. 1991–ൽ ബഹു. സെബാസ്റ്റ്യൻ വടക്കുംപാടനച്ചന്റെ നേതൃത്വത്തിലാണ് ഔദ്യോഗികമായി ഡൽഹി മിഷൻ ആരംഭിച്ചത്. ഡൽഹി അതിരൂപത യുടെ കീഴിലുള്ള ഇടവകാതിർത്തികൾക്കുള്ളിൽ വസിക്കുന്ന സീറോ മലബാർ വിശ്വാസി കളെ അവരുടെ തനതായ വിശ്വാസ പാരമ്പര്യത്തിലും ആചാരനുഷ്ഠാനങ്ങളിലും ഉറച്ചു നിൽക്കാൻ സഹായകമായ രീതിയിലുള്ള അജപാലന ശുശ്രൂഷകളാണ് ഡൽഹി സീറോമല ബാർ മിഷൻ നടത്തുന്നത്. എന്നാൽ ഇത് വളരെ ശ്രമകരമായ ദൗത്യമാണ്. നഗരജീവിതത്തി നിടയിൽ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രസക്തി നഷ്ടമാകാതെയുള്ള ജീവിതശൈലി രൂപീ കരിച്ചെടുക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയാണ് പ്രധാനം. ഇതിനായി സീറോ മലബാർ മെത്രാന്മാരുടെ സിനഡ് എറണാകുളം അതിരൂപതയെയാണ് ഡൽഹി മിഷന്റെ ഉത്തരവാ ദിത്വം ഏൽപ്പിച്ചത്. അതിന്റെ വെളിച്ചത്തിൽ ഇന്ന് 20 വൈദികർ എറണാകുളം അതിരൂപത യിൽ നിന്നും ഡൽഹിയിൽ സേവനം ചെയ്യുന്നു. അതോടൊപ്പം 7 സന്ന്യാസ വൈദികരും ഈ മിഷനിൽ ഇപ്പോൾ സേവനം ചെയ്യുന്നു.

ഡൽഹി അതിരൂപതാധികാരികൾ കാലാകാലങ്ങളിൽ നല്കിയിട്ടുള്ള നേതൃത്വവും പ്രോത്സാഹനവും ഡൽഹി സീറോമലബാർ മിഷന്റെ വളർച്ചയുടെ പിന്നിലുണ്ട് എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ദിവംഗതനായ ആർച്ചുബിഷപ് അലൻ ഡിലാസ്റ്റിക് പിതാവും ഇപ്പോഴത്തെ ആർച്ചുബിഷപ്പ് വിൻസെന്റ് കൊൺസെവോ പിതാവും ഡൽഹി യിലെ സീറോമലബാർ മക്കളുടെ വളർച്ചക്ക് നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. തുടക്കത്തിൽ വെറും രണ്ടുസ്ഥലങ്ങളിൽ മാത്രമാണ് സീറോമലബാർ കുർബ്ബാന ഉണ്ടായിരുന്നത്. പിന്നീട് അത് 36 സ്ഥലങ്ങളിലേക്ക് വളർന്നു. ഇന്ന് 23 വ്യക്തിഗത ഇടവകകളായി വളർന്നിരിക്കുന്നു. ഈ 23 ഇടവകകളും സീറോമലബാർ വിശ്വാസികളെ തങ്ങളുടെ വിശ്വാസ പാരമ്പര്യത്തിൽ അടിയുറച്ചു വളരാൻ സഹായകമായ അജപാലന പ്രവർത്തനങ്ങളുമായി സ്തുത്യർഹമായ രീതിയിൽ മുന്നേറുന്നു.

സീറോമലബാർസഭയുടെ മേജർ ആർച്ചു ബിഷപുമാരായ കർദ്ദിനാൾ ആന്റണി പടിയ റയും ഇപ്പോൾ അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവും മറ്റ് രൂപതാധ്യക്ഷന്മാരും നല്കി വരുന്ന പിന്തുണയും നേതൃത്വവും നിർണ്ണായകമായ ഒന്നാണ്. 1991 മുതൽ 12 വർഷക്കാലം സീറോമലബാർ ചാപ്ളെയ്നായി സേവനം ചെയ്ത ബഹു. സെബാസ്റ്റ്യൻ വടക്കുംപാടന ച്ചന്റെ കഠിനാദ്ധ്വാനമാണ് ഈ വളർച്ചയുടെ പിന്നിൽ. ഇപ്പോൾ ബഹു. ജോസ് ഇടശ്ശേരിയ ച്ചന്റെ നേതൃത്വത്തിൽ ഡൽഹിമിഷൻ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ഒത്തിരിയേറെ വെല്ലുവിളികൾ ഡൽഹി മിഷൻ അതിജീവിക്കാനുണ്ട്. ഇടവകകൾ ലഭിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഇനിയും സ്വന്തമായി ദേവാലയങ്ങൾ പണിയേണ്ടതുണ്ട്.

സാമൂഹ്യ സേവനരംഗത്തും ഡൽഹിയിലെ സീറോമലബാർ മക്കൾ ഒട്ടും തന്നെ പിന്നിലല്ല. ഹരിയാനയിലെ ഫരീദാബാദ് ജില്ലയിലുള്ള സാൻജോപുരം എന്ന കുട്ടികളുടെ ഗ്രാമവും അതിനോടനുബന്ധിച്ചുള്ള സാമൂഹ്യ പ്രവർത്തനങ്ങളും ഇതിന്റെ തെളിവാണ്. കൂടാതെ ഡൽഹിയിലും പരിസര പ്രദേശത്തുമുള്ള ചേരി നിവാസികളുടേയും, തെരുവു കുട്ടികളുടേയും പുനരധിവാസ പ്രവർത്തനങ്ങളും ഡൽഹി മിഷന്റെ സേവനപ്രവർത്തനങ്ങളുടെ തെളിവാണ്.

എല്ലാ ഇടവകകളിലും മതബോധന ക്ളാസുകൾ നന്നായി നടക്കുന്നുണ്ട്. കൂടാതെ യുവതീ യുവാക്കൾക്കുവേണ്ടി സെമിനാറുകളും, വിവാഹ ഒരുക്ക കോഴ്സുകളും, ജൂബിലേറിയൻസിനായി സെമിനാറുകളും, ഇടവകകളിൽ ധ്യാനങ്ങളും, കുട്ടികൾക്കും മുതിർന്നവർക്കുമായി വിവിധ പരിപാടികളും, യുവജനസംഘടനകളും സംഘടിപ്പിച്ചിട്ടുണ്ട്.

45 ഓളം സന്യാസ ഭവനങ്ങളും അത്ര തന്നെ സാമൂഹ്യസേവന ആതുരശുശ്രൂഷാ സ്ഥാപനങ്ങളും ഇന്ന് ഈ മിഷനിലുണ്ട്.

ഇന്ന് ഒരു ലക്ഷത്തിനടുത്ത് സീറോമലബാർ വിശ്വാസികൾ ഡൽഹിയിലുണ്ട്. ഇവർക്കാവശ്യമായ അജപാലന ശുശ്രൂഷകൾ നല്കുന്നതോടൊപ്പം ഇവിടെ ജനിച്ചു വളർന്ന അടുത്ത തലമുറക്ക് യോജിച്ച രീതിയിൽ വിശ്വാസപരിശീലനം രൂപപ്പെടുത്തുക എന്നതും അതിനാവശ്യമായ പള്ളികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇനിയും സാധ്യമായിട്ടില്ല എന്നത് ഡൽഹി മിഷന്റെ ഏറ്റവും വലിയ പരിമിതിയും വെല്ലുവിളിയുമാണ് ന്യൂഡൽഹിയിലെ ഓഖ്ല പ്രദേശത്തുള്ള സീറോമലബാർ വിശ്വാസികൾക്ക് ഇത് വലിയ ആഹ്ളാദത്തിന്റെ നിമിഷങ്ങളാണ്. ഇവിടെയുള്ള നാലായിരത്തോളം സീറോമലബാർ കത്തോലിക്കർക്ക് സ്വന്തമായി ലഭിച്ച വ്യക്തിഗത ഇടവക സ്ഥാപിതമായിട്ട് 2 വർഷം പൂർത്തിയായി.

ഒരു ഇടവകയായി വളർന്നതിന്റെ പിന്നിൽ ഇടവക പിന്നിട്ട ഏറെ നാഴികക്കല്ലുകൾ ഉണ്ട്. ഡൽഹിയിൽ സീറോമലബാർ മിഷൻ ആരംഭിച്ച നാൾ മുതൽ ഓഖ്ലയിലെ സീറോമലബാർ കത്തോലിക്കർ അതിനോട് സഹകരിക്കുകയും സീറോ മലബാർ കുർബ്ബാന ആരംഭിക്കുയും ചെയ്തു. ഓഖ്ല ലത്തീൻ ഇടവകയുടെ ഭാഗമായി നിലനിന്നിരുന്ന സീറോമലബാർ കത്തോലിക്കാ സമൂഹം ഇടവകപ്രവർത്തനങ്ങളിൽ എന്നും സജീവമായി മുന്നിലുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിലെ വികാരിയച്ചന്മാരോട് എന്നും സഹകരിച്ചാണ് പ്രവർത്തിച്ചിരുന്നതും. ആനാളുകളിൽ സീറോ മലബാർ സമൂഹത്തെ നയിക്കാൻ പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്ന വൈദികരുടെ പ്രവർത്തന ഫലമായി ഒരു സജീവമായ വിശ്വാസ സമൂഹം രൂപപ്പെട്ടു. ഫാ. എഫ്രേം നരികുളം, ഫാ. വർഗ്ഗീസ് പൊട്ടക്കൽ, ഫാ. ജോസ് ചോലിക്കര, ഫാ. ബെന്നി മാരാം

പറമ്പിൽ, ഫാ. സെബി വടക്കുംപാടൻ, എന്നിവരുടെ നിസ്വാർത്ഥമായ കഠിനാദ്ധ്വാനവും, കൺവീനർമാരായ ശ്രീ ഔസേഫ് ജോസഫ്, ശ്രീ പോൾ എം. ജോസഫ് എന്നിവരുടെയും ഇതോടൊപ്പം അതാത് സമയത്തുണ്ടായിരുന്ന കമ്മിറ്റിയംഗങ്ങളുടെയും തീക്ഷ്ണമായ പ്രവർത്തന ഫലമാണ് ഇവിടുത്തെ കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയുടെ അടിസ്ഥാനം.

ഓഖ്‌ലയിലെ സീറോമലബാർ കത്തോലിക്കർക്ക് ഫാത്തിമ മാതാവിന്റെ നാമത്തിൽ സ്വന്തമായി ഇടവക ലഭിച്ചത് 2005 ഓഗസ്റ്റ് 1 നാണ്. ഈ ഇടവകയുടെ ആദ്യത്തെ വികാരിയായി ഫാ. കുരുവിള മരോട്ടിക്കൽ സ്ഥാനമേറ്റു. ഫാ.വർഗീസ് മാണിക്കത്താൻ, ഫാ.ഡൊമിനിക് കാച്ചപ്പിള്ളി എന്നിവർ സഹവികാരികളായി. തുടർന്ന് ഫാ.വക്കച്ചൻ കൂമ്പയിൽ സഹവികാരിയായി സേവനം ചെയ്യുന്നു. ഇവിടെയുള്ള സീറോ മലബാർ വിശ്വാസികൾക്ക് തങ്ങളുടെ പാരമ്പര്യവും ആചാരങ്ങളുമനുസരിച്ച് വിശ്വാസജീവിതം നയിക്കാൻ വേണ്ടതായ സാഹചര്യങ്ങൾ ഒരുക്കി കൊടുക്കണമെന്നുള്ള ബോധ്യത്തിന്റെ വെളിച്ചത്തിലാണ് ഡൽഹി അതിരൂപതാ അദ്ധ്യക്ഷൻ ഈ ഇടവക സ്ഥാപിക്കാൻ തീരുമാനമെടുത്തത്. ഈ തീരുമാനത്തെ വിശ്വാസികൾ സഹർഷം സ്വാഗതം ചെയ്യുകയും ഇടവക പ്രവത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു.

ഓഖ്‌ലയിലെ സീറോ മലബാർ ഇടവകയുടെ പ്രത്യേകത ഇവിടെ ഭൂരിഭാഗവും യുവതീയുവാക്കളാണ് എന്നതാണ്. കാരണം ജോലിക്കും പഠനത്തിനുമായി വരുന്ന യുവതീ യുവാക്കൾ ഏറെയും വന്നുചേരുന്നത് അവർക്ക് കൂടുതൽ സൗകര്യങ്ങളുള്ള ഓഖ്‌ലയിലാണ്. ഇതിൽ ഏറിയ പങ്കും നഴ്സുമാരാണ്. ഇന്ത്യയിലെ തന്നെ പ്രശസ്തമായ ഹോളിഫാമിലി, എസ്കോർട്ട്സ്, അപ്പോളോ, വിംഹാൻസ്, എന്നീ വലിയ ആശുപത്രികൾ ഈ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്.

വളരെ സജീവമായ ഒരു വിശ്വാസ സമൂഹമാണ് ഓഖ്‌ല ഫാത്തിമമാതാ ഇടവകയിലേത്. ദിവ്യ ബലിക്കായി പള്ളി നിറഞ്ഞു നിൽക്കുന്നതും സജീവമായി പ്രാർത്ഥനയിൽ പങ്കുചേരുന്നതുമായ സമൂഹത്തെ ഇവിടെ കാണാൻ സാധിക്കും.

വളരെ ചിട്ടയായി നടക്കുന്ന മതബോധന ക്ളാസുകൾ വരും തലമുറക്ക് വിശ്വാസം പകർന്നുകൊടുക്കാൻ സഹായകമാകുന്നു. മാതാപിതാക്കളുടേയും മതാദ്ധ്യാപകരുടേയും ആത്മാർത്ഥമായ പരിശ്രമം എടുത്തു പറയത്തക്കതാണ്.

ഇടവകയുടെ ഓരോ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കുടുംബ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. മാസത്തിലൊരിക്കൽ ഒന്നു ചേർന്ന് പ്രാർത്ഥനയും പങ്കുവയ്ക്കലും നടത്തുന്നു.

ഹോളിഫാമിലി, എഫ്.സി.സി, എസ്.എച്ച് എന്നീ സന്യാസിനി സഭകളിലെ സഹോദരിമാരുടെ സഹകരണവും, ഏറെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പാരിഷ് കൗൺസിലും ഇട

വകയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന അംഗങ്ങളാണ് കൗൺസിലിലുള്ളത്.

സഭയുടെ അവിഭാജ്യഘടകമായ കുടുംബങ്ങളുടേയും യുവതി യുവാക്കളുടേയും വിശ്വാസ പരിപോഷണത്തിനും ഉന്നമനത്തിനുമായി ഇനിയും ഏറെ കാര്യങ്ങൾ ചെയ്യേണ്ട തുണ്ട്. ഇതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. പാവപ്പെട്ട രോഗികളെ സഹായിക്കാൻ ചികിത്സാസഹായ പദ്ധതി നടപ്പിലാക്കുന്നു. കുട്ടികൾക്ക് പഠനത്തിന് പ്രോത്സാഹനം നൽകാൻ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഇത്തര ത്തിലുള്ള വിവിധ പദ്ധതികളിലൂടെ ഇടവക വളർച്ചയുടെ പടവുകൾ താണ്ടുകയാണ്. ഇതി ലേക്ക് ഇടവകാംഗങ്ങളോരോരുത്തരുടേയും സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**------------------------------------------------------------------------History continues….**